"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഉണ്ണികൃഷ്ണൻ. ജെ.ആർ (PEN: 856545) എന്നവരുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2553/2025/LSGD തീയതി,തിരുവനന്തപുരം, 22-10-2025

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.09.25-ലെ LSGD/PD/23420/2024-DEH5 നമ്പർ കത്ത്
2. അഡീഷണൽ ഡയറക്ടറുടെ 22.08.25-ലെ LSGD/PD/23420/2024-DEH5 നമ്പർ നടപടിക്രമം

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ണികൃഷ്ണൻ. ജെ.ആർ എന്നവരുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം 1 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി. ഉണ്ണികൃഷ്ണൻ. ജെ.ആർ അസിസ്റ്റന്റ് എഞ്ചിനീയറായി 08.03.2019 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ്. നിരീക്ഷണ കാലയളവിൽ ടിയാന്റെ സേവനവും സ്വഭാവവും തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്ന് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പ് പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന ടിയാൻ യഥാസമയം പാലിച്ചിട്ടില്ലാത്തതാണ്. ടിയാൻ പാസ്സായിട്ടുള്ള നിർബന്ധിത വകുപ്പ് തല പരീക്ഷയുടെ അവസാന പരീക്ഷ നടന്നിട്ടുള്ളത് 08.11.2022 ലാണ്. മൂന്ന് വർഷ കാലയളവിലുള്ള തുടർച്ചയായ 2 വർഷത്തെ സേവനത്തിൽ ടിയാൻ പ്രൊബേഷൻ പരിഗണിക്കാത്ത അവധികളൊന്നും ഉപയുക്തമാക്കിയിട്ടില്ല. പരാമർശം 2 പ്രകാരം ഉണ്ണികൃഷ്ണൻ. ജെ.ആർ എന്നവരുടെ പ്രൊബേഷൻ 08.03.2021 മുതൽ 07.03.2022 വരെ ഒരു വർഷ കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1 ശിപാർശയുടെ അടിസ്ഥാനത്തിൽ ഉണ്ണികൃഷ്ണൻ. ജെ.ആർ (PEN: 856545) എന്നവരുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് 11.11.2022 വരെ 1958 ലെ കെ.എസ്&.എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

ഉണ്ണികൃഷ്ണൻ. ജെ.ആർ (PEN: 856545), അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/202/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Keerthi I P

Date: 22-10-2025 16:54:42

സെക്ഷൻ ഓഫീസർ